(ജി) പുതുതായി നിയമിക്കുവാനുദ്ദേശിക്കുന്നവരെ ആരാണ് തിരഞ്ഞെടുക്കുന്നത്;

(എച്ച്) അപേക്ഷകളയപ്പാൻ പരസ്യം ചെയ്തിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ഏതു തിയ്യതിയിലെ ഗസറ്റിലാണ് പരസ്യം ചെയ്തതു;

(ജെ) പുതുതായി നിയമിക്കുവാനുദ്ദേശിക്കുന്നവരെ മത്സരപരീക്ഷ നിശ്ചയിക്കുകയും അതിൽ വിജയം വരിക്കുന്നവരേയും നോക്കിയാണോ നിയമിക്കുന്നത്;

(കെ) മത്സരപരീക്ഷ ഏർപ്പെടുത്തുന്നുണ്ടെങ്കിൽ പരീക്ഷകന്മാർ ആരെല്ലാമെന്നും ആരാണെന്നും പറയാമോ;

(എൽ) സബ്ബീസിലുള്ള തുല്യ പരീക്ഷായോഗ്യതയുള്ളവർക്ക് ഉയർന്ന ഗ്രേഡിൽ മുൻഗണന കൊടുക്കുമോ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഇൻകംടാക്സ് ആൻഡ് സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിൽ ചില പുതിയ നിയമനങ്ങൾ ഈ കൊല്ലത്തിൽ നടത്തിയിട്ടുണ്ട്.

(ബി) നിയമനങ്ങൾ താഴെ പറയുന്നവയാണ്.—

(i) അസിസ്റ്റാണ്ട് ഇൻസ്പെക്ടർമാർ ൩.

(ii) എക്സാമിനർമാർ ൩.

(iii) അസിസ്റ്റാണ്ട് എക്സാമിനർമാർ ൨.

ഈ ഉദ്യോഗങ്ങൾക്ക് ആളെ തിരഞ്ഞെടുത്തത് ൧൯൪൭ സെപ്തമ്പർ ൧൭-ാംനു-യാണ്.

(സി) അസിസ്റ്റാണ്ട് ഇൻസ്പെക്ടർമാർ, ബി. എ., തസ്തിക ൧൦൦—൧൫൦.

(i) എക്സാമിനർ, ഓർ. എ., അല്ലാത്തപക്ഷം അസിസ്റ്റാണ്ട് എക്സാമിനറായി ൨ കൊല്ലം ജോലിനോക്കിയവർ, തസ്തിക ക. ൧൦൦—൧൫൦.

(ii) അസിസ്റ്റാണ്ട് എക്സാമിനർ, ഓർ. എ., അല്ലാത്തപക്ഷം (ii) എക്സൈണ്ടൻസിയും ഓഡിറ്റിംഗും ഐച്ഛികവിഷയമായി ബി. കോം. പാസ്സായവർ—അല്ലാത്തപക്ഷം (iii) ബി. എ., പാസ്സായവരും, മദിരാശി ഗവണ്മെന്റോ, ലണ്ടൻ ചേമ്പർ ഓഫ് കോമേർസോ നടത്തുന്ന ബുക്കുകീപ്പിങ്ങ് (ഹയർ) പരീക്ഷ പാസ്സായവർ, തസ്തിക ക. ൭൫—൧൦൦.

(ഡി) അസിസ്റ്റാണ്ട് ഇൻസ്പെക്ടർമാരുടേയും, അസിസ്റ്റാണ്ട് എക്സാമിനരുടേയും ഉദ്യോഗങ്ങൾക്ക പരീക്ഷായോഗ്യതയുള്ളവർ ഉണ്ട്.

(ഇ) അവരുടെ ഗ്രേഡ് വ്യ ൦ക. മുതൽ ൧൨ ൪ക. വരെ.

(എഫ്) ഡിപ്പാർട്ട്മെണ്ടിൽ പരീക്ഷായോഗ്യതയുള്ള ചിലരേയും മേപ്പടി പുതിയ ഉദ്യോഗങ്ങൾക്ക തിരഞ്ഞെടുത്തിട്ടുണ്ട്.

(ജി) പ്രധാനമന്ത്രി, ഗവണ്മെണ്ട് ചീഫ്സെക്രട്ടറി, ആദായവില്പന നികുതി കമ്മീഷണർ എന്നിവരടങ്ങിയ കമ്മിറ്റിയാണ് തിരഞ്ഞെടുപ്പു നടത്തിയതു.

(എച്ച്) ഉണ്ട്.

(ഐ) ൧൯൫൨ കർക്കടകം ൧൭-ാംനു-യിലെ ഗസറ്റിൽ.

(ജെ) മത്സരപരീക്ഷ ഉണ്ടായിരുന്നില്ല.

(കെ) ഉത്തരം ആവശ്യമില്ല.

(എൽ) സബ്ബീസിൽ തുല്യ യോഗ്യതയുള്ളവരുടെ അവകാശങ്ങളും പരിഗണിച്ചാണ് നിയമനങ്ങൾ നടത്തിയതു.

PLANTING OF TREES IN NEMMARA

87. മിസ്റ്റർ കെ. നടരാജൻചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) നെന്മാറ റെയിഞ്ചിൽ തീപ്പെട്ടി കമ്പനി ആവശ്യത്തിനു മുറിച്ചെടുക്കുന്ന പൂള, നാശകം എന്നീ ജാതി മരങ്ങൾ തൈവെച്ചു പിടിപ്പിക്കാറുണ്ടോ;

(ബി) തീപ്പെട്ടി കമ്പനികളുടെ ആവശ്യത്തിനു നെന്മാറയിൽ ഒരു കൊല്ലത്തിൽ എത്ര ടൺ മരം വേണ്ടിവരും?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) തൈവെച്ചു പിടിപ്പിക്കാറില്ല. എന്നാൽ മേലാൽ വെച്ചു പിടിപ്പിക്കുവാൻ വേണ്ടുന്ന നടപടികൾ എടുത്തു വരുന്നുണ്ട്.

(ബി) സുമാർ ൩ ൦൦ ടൺ മരം വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly